**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 328** **08-08-2023 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിന് സപ്ലൈകോ കർഷകർക്ക് നൽകാനുള്ള തുകയുടെ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത തുക എന്നത്തേക്ക് കൊടുത്ത് തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | 2022-23 സീസണിൽ സപ്ലൈകോ വഴി നെല്ല് സംഭരണം നടത്തിയ ഇനത്തിൽ കർഷകർക്ക് കൊടുക്കുവാനുള്ള 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈക്കോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02.02.2023ലെ സ.ഉ.(സാധാ)നം.44/2023/F&CS) 700 കോടി രൂപ SBI, Federal Bank, Canara bankഎന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12.06.2023ലെ സ.ഉ.(സാധാ)നം.236/2023/ F&CS) PRS ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31/7/2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02/08/2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിന് വേണ്ടി കേരള ബാങ്കുമായും എസ്ബിഐ കാനറ ബാങ്ക് ഫെഡറൽബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തി വരുന്നു. |
| (ബി) | 2016 - ന് ശേഷം നെല്ലിന്റെ സംഭരണ വിലയിൽ കേന്ദ്രസംസ്ഥാന വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | വർദ്ധിപ്പിച്ചിട്ടുണ്ട്. 2016 മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നെല്ലിന്റെ സംഭരണവില പ്രഖ്യാപിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | നടപ്പ് സാമ്പത്തിക വർഷം നെല്ലിന്റെ സംഭരണ വിലയിൽ സംസ്ഥാന വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 2022-2023 നടപ്പ് സീസണിൽ സംസ്ഥാന വിഹിതം കിലോയ്ക്ക് 7.80 രൂപയാണ്. 2023-24 സീസണിലെ സംഭരണം സംബന്ധിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| | | | |

| | | | |
|---|---|---|---|
| (ഡി) | സപ്ലൈകോ സംഭരിച്ച നെല്ലിന്റെ വിലയിനത്തിൽ കർഷകർക്ക് നൽകാനുള്ള തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | കുടിശ്ശിക നൽകുന്നതിനായി സർക്കാർ 180 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക നൽകുന്നതിനായി കേരളബാങ്കുമായും എസ്ബിഐ, കാനറ ബാങ്ക്, ഫെഡറൽബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| SEASON | MSP(Rs)/kg | SIB(Rs)/kg | TOTAL(Rs)/kg |
|---|---|---|---|
| 2015-16 | 14.1 | 7.4 | 21.5 |
| 2016-17 | 14.7 | 7.8 | 22.5 |
| 2017-18 | 15.5 | 7.8 | 23.3 |
| 2018-19 | 17.5 | 7.8 | 25.3 |
| 2019-20 | 18.15 | 8.8 | 26.95 |
| 2020-21 | 18.68 | 8.8 | 27.48 |
| 2021-22 | 19.4 | 8.6 | 28 |
| 2022-23 | 20.4 | 7.8 | 28.2 |

-